പതിനഞ്ചാം കേരള നിയമസഭ
ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ.27 05-12-2022-ൽ മറുപടിയ്ക്ക്

**എം.ബി.ബി.എസ്., പി.ജി., നേഴ്സിംഗ് സീറ്റുകൾ വർദ്ധിപ്പിക്കുന്നതിന് നടപടി**

| ചോദ്യം | മറുപടി |
| --- | --- |
| **ശ്രീമതി.ദെലീമ**<br>**ഡോ.കെ.ടി.ജലീൽ**<br>**ശ്രീ.ആന്റണി ജോൺ** | **ശ്രീമതി. വീണാ ജോർജ്**<br>**(ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി)** |
| (എ) സംസ്ഥാനത്ത് സർക്കാർ ആശുപത്രികളിൽ ചികിത്സ തേടുന്നവരുടെയും വിദേശത്ത് പോകാൻ താത്പര്യപ്പെടുന്നവരുടെയും എണ്ണം വർദ്ധിച്ചത് പരിഗണിച്ച് സർക്കാർ മേഖലയിൽ എം.ബി.ബി.എസ്., പി.ജി., നേഴ്സിംഗ് സീറ്റുകൾ വർദ്ധിപ്പിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (എ) സംസ്ഥാനത്ത് സർക്കാർ മേഖലയിൽ എം.ബി.ബി.എസ്., മെഡിക്കൽ പി.ജി., നേഴ്സിംഗ് കോഴ്സുകളിൽ സീറ്റ് വർദ്ധനവ് നടപ്പിലാക്കി മികച്ച പ്രവർത്തനങ്ങളുമായി സർക്കാർ മുന്നോട്ട് പോകുകയാണ് .ഇടുക്കി,കോന്നി സർക്കാർ മെഡിക്കൽ കോളേജുകൾക്ക് ഈ അധ്യയന വർഷം 100 എം.ബി.ബി.എസ് സീറ്റുകളിൽ വീതം അഡ്മിഷൻ ആരംഭിക്കുന്നതിനായി നാഷണൽ മെഡിക്കൽ കമ്മീഷനിൽ നിന്നും അനുമതി ലഭ്യമാകുകയും ആയതിന്റെ അടിസ്ഥാനത്തിൽ അധ്യയനം ആരംഭിക്കുകയും ചെയ്തു .<br>ഇപ്രകാരം 2022-23 അധ്യയന വർഷത്തിൽ ആകെ 200 MBBS സീറ്റുകളുടെ വർധനവാണ് ഉണ്ടായിട്ടുള്ളത്.വയനാട് മെഡിക്കൽ കോളേജിൽ 2023-24 അധ്യയന വർഷം എം.ബി.ബി.എസ് കോഴ്സ് ആരംഭിക്കുന്നതിനായി ലെറ്റർ ഓഫ് പെർമിഷൻ ലഭിക്കുന്നതിന് നാഷണൽ മെഡിക്കൽ കമ്മീഷനിൽ അപേക്ഷ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട് . വയനാട് സർക്കാർ മെഡിക്കൽ കോളേജ് ആരംഭിക്കുന്നതിന്റെ ഭാഗമായി മാനന്തവാടി ജില്ലാ ആശുപത്രി തൽക്കാലം മെഡിക്കൽ കോളേജായി അപ്ഗ്രേഡ് ചെയ്തിട്ടുമുണ്ട്. കൂടാതെ മാനന്തവാടി താലൂക്കിൽ, ബോയ്സ് ടൗണിൽ ആരോഗ്യ വകുപ്പിന്റെ കീഴിലുള്ള 65 ഏക്കർ ഭൂമി വയനാട് |

മെഡിക്കൽ കോളേജിന്റെ നിർമ്മാണത്തിനായി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട് . കാസർഗോഡ് മെഡിക്കൽ കോളേജിൽ നിർമാണം പൂർത്തിയാക്കിയ ബ്ലോക്കിൽ ഓ.പി ആരംഭിച്ചിട്ടുണ്ട് .സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളിൽ ബ്രോഡ് സ്പെഷ്യാലിറ്റി/സൂപ്പർസ്പെഷ്യാലിറ്റി വിഭാഗങ്ങളിൽ പുതുതായി പി.ജി കോഴ്സുകൾ ആരംഭിക്കുകയും നിലവിലുള്ള പി.ജി കോഴ്സുകളുടെ സീറ്റ് എണ്ണം വർധിപ്പിക്കുവാനുള്ള നടപടികൾ സ്വീകരിച്ചിട്ടുമുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം വിവിധ ഗവണ്മെന്റ് മെഡിക്കൽ കോളേജുകളിൽ 26 സ്പെഷ്യാലിറ്റി കോഴ്സിനും 9 സൂപ്പർ സ്പെഷ്യാലിറ്റി കോഴ്സിനും നാഷണൽ മെഡിക്കൽ കമ്മീഷന്റെ അനുമതി ലഭ്യമാക്കി വിദ്യാർത്ഥികളെ പ്രവേശിപ്പിച്ച് കോഴ്സ് ആരംഭിച്ചിട്ടുണ്ട് .കൂടാതെ, 2022-23 അദ്ധ്യയന വർഷത്തിൽ കൊല്ലം, മഞ്ചേരി എന്നിവിടങ്ങളിൽ പുതുതായി നഴ്സിംഗ് കോളേജുകൾ ആരംഭിക്കുകയും അവിടങ്ങളിൽ 60 സീറ്റുകൾ വീതം ബി.എസ്സ്.സി നഴ്സിംഗ് സീറ്റുകൾ പുതുതായി അനുവദിക്കുകയും ചെയ്തിട്ടുണ്ട്. അപ്രകാരം 2022-23 അധ്യയന വർഷത്തിൽ 120 പുതിയ ബി.എസ്സ്.സി നഴ്സിംഗ് സീറ്റുകൾ അനുവദിച്ചു. 27.11.2022-ലെ GO(Ms) No.243/22/H&FWD പ്രകാരം സംസ്ഥാനത്തെ 7 സർക്കാർ നഴ്സിംഗ് കോളേജുകളിൽ ആകെ 92 ബി.എസ്സ്.സി നഴ്സിംഗ് സീറ്റുകൾ വർദ്ധിപ്പിച്ചിട്ടുണ്ട്.

| | |
|---|---|
| (ബി) ആരോഗ്യ വിദ്യാഭ്യാസ മേഖലയിൽ ഈ സർക്കാരിന്റെ കാലയളവിൽ നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ, കോവിഡാനന്തരം മാറിയ സാഹചര്യത്തിനനുസരിച്ച് ആരോഗ്യ പ്രവർത്തകരുടെ എണ്ണത്തിൽ വർദ്ധനവുണ്ടാക്കുന്നതിന് | (ബി) ഈ സർക്കാരിന്റെ കാലയളവിൽ ആരോഗ്യ രംഗത്ത് നടത്തിയിട്ടുള്ള പുരോഗമനപരമായ പ്രവർത്തനങ്ങൾ കോവിഡാനന്തരം മാറിയ കാലഘട്ടത്തിലെ സാഹചര്യം കൈകാര്യം ചെയ്യുന്നതിന് പര്യാപ്തമായിരുന്നു. 11/02/22 തീയതിയിലെ സ.ഉ(കൈ)നം.34/2022/ആ.കു.വ ഉത്തരവ് |

| | | |
|---|---|---|
| | പര്യാപ്തമായിരുന്നോയെന്ന് വിശദമാക്കുമോ; | പ്രകാരം മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള വിവിധ മെഡിക്കൽ കോളേജുകൾക്കായി 24 ലാബ് അസിസ്റ്റന്റ് (ഡയാലിസിസ്) തസ്തികകൾ സൃഷ്ടിച്ച് ഉത്തരവായിട്ടുണ്ട്. കൂടാതെ കൊല്ലം , മഞ്ചേരി എന്നീ സർക്കാർ മെഡിക്കൽ കോളേജിനോടനുബന്ധിച്ച നഴ്സിംഗ് കോളേജ് ആരംഭിക്കുന്നതിനുള്ള അനുമതി നൽകുകയും , 2022-23 അധ്യയന വർഷം ക്ലാസുകൾ ആരംഭിക്കുന്നതിനാവശ്യമായ 36 അധ്യാപക -അനധ്യാപക തസ്തികകൾ 15/07/2022-ലെ സ.ഉ.(കൈ) നം.150/2022/ആ.കു.വ ഉത്തരവ് പ്രകാരം സൃഷ്ടിക്കുകയും ചെയ്തിട്ടുണ്ട്. |
| (സി) | പാരാമെഡിക്കൽ കോഴ്സുകളുടെ നിലവാരം ഉറപ്പാക്കാനും രജിസ്ട്രേഷൻ ഏർപ്പെടുത്താനുമായി സംസ്ഥാനത്ത് പാരാമെഡിക്കൽ കൗൺസിൽ രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ? | (സി) പാരാമെഡിക്കൽ കോഴ്സുകളുടെ നിലവാരം ഉറപ്പാക്കാനും രജിസ്ട്രേഷൻ ഏർപ്പെടുത്താനുമായി 28.03.2021-ൽ നാഷണൽ കമ്മീഷൻ ഫോർ അലൈഡ് ആൻഡ് ഹെൽത്ത് കെയർ പ്രൊഫഷണൽ ആക്ട് 2021 എന്ന പേരിൽ കേന്ദ്രം പാസാക്കിയ നിയമത്തിന്റെ വ്യവസ്ഥ പാലിച്ചുകൊണ്ട് സംസ്ഥാനത്ത് 28.09.2022-ൽ സ.ഉ(അച്ചടി) നമ്പർ 53/2022/ആ.കു.വ പ്രകാരം കേരള സർക്കാർ താഴെപ്പറയുന്ന അംഗങ്ങളെ ഉൾപ്പെടുത്തി ദി കേരള സ്റ്റേറ്റ് അലൈഡ് ഹെൽത്ത് കെയർ കൗൺസിൽ രൂപീകരിച്ച ഉത്തരവായിട്ടുണ്ട് .കേന്ദ്ര മാനദണ്ഡ പ്രകാരമുള്ള സംസ്ഥാന കൗൺസിൽ പൂർണ സജ്ജമാകുന്നതോടെ നിലവിലെ പോരായ്മകൾക്കും പ്രശ്നങ്ങൾക്കും പരിഹാരമാകുവാൻ സാധിക്കുന്നതാണ്.<br>1. ശ്രീ.അബ്ദുൾ നാസീർ.എം<br>അസോസിയേറ്റ് പ്രൊഫസർ എം.എൽ.ടി ഗവൺമെന്റ് മെഡിക്കൽ കോളേജ്, കോഴിക്കോട്-ചെയർ പേഴ്സൺ.<br>2. ഡോക്ടർ അനിതാ ബാലൻ<br>ജോയിന്റ് ഡയറക്ടർ ഓഫ് മെഡിക്കൽ എഡ്യുക്കേഷൻ (ജനറൽ)- മെമ്പർ എക്സ് ഒഫീഷ്യോ |

3. ഡോക്ടർ ശ്യാം.എസ്
പ്രൊഫസർ & ഹെഡ് ഓഫ് ഡിപ്പാർട്ട്മെന്റ് ഓഫ് ഫാർമക്കോളജി, ഗവൺമെന്റ് മെഡിക്കൽകോളേജ്, കൊല്ലം- മെമ്പർ എക്സ് ഒഫീഷ്യോ.

4. ഡോക്ടർ മഞ്ജുശ്രീ.എസ്
ഹെഡ് ഓഫ് ദി ഡിപ്പാർട്ട്മെന്റ് ഓഫ് മൈക്രോബയോളജി, ഗവൺമെന്റ് മെഡിക്കൽകോളേജ്, തിരുവനന്തപുരം- മെമ്പർ എക്സ് ഒഫീഷ്യോ.

**സെക്ഷൻ ഓഫീസർ**